**ALL INDIA RADIO THIRUVANANTHAPURAM**

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 31.03.2026**

## പ്രധാനവാർത്തകൾ

1. **സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ശക്തം. താരപ്രചാരകരെ കളത്തിലിറക്കി മുന്നണികൾ.**
2. **വോട്ടെടുപ്പു ദിനം അടുക്കുന്നതോടെ സംസ്ഥാനത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിരീക്ഷണ പ്രവർത്തനങ്ങൾ ഊർജിതം.**
3. **പശ്ചിമേഷ്യൻ സംഘർഷ മേഖലയിലുള്ള ഇന്ത്യൻ കപ്പലുകളും ജീവനക്കാരും സുരക്ഷിതരെന്ന് കേന്ദ്ര സർക്കാർ. ഇതുവരെ 959 നാവികരെ നാട്ടിലെത്തിച്ചു.**
4. **രാജ്യത്ത്, 2027 ലെ സെൻസസ് നാളെ മുതൽ ആരംഭിക്കും. രണ്ട് ഘട്ടങ്ങളിലായാണ് ജനസംഖ്യ കണക്കെടുപ്പ് നടപ്പാക്കുന്നത്.**
5. **സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**
6. **ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് പഞ്ചാബ് കിംഗ്സിനെ നേരിടും. രാത്രി 7.30 നാണ് മത്സരം.**

RNU TVPM

## ഇലക്ഷൻ പ്രചാരണം

നിയമസഭാ തിരഞ്ഞെടുപ്പ് ചൂടിൽ കേരളം. സംസ്ഥാനത്ത് വോട്ടെടുപ്പിന് ഇനി 9 ദിവസം മാത്രമാണ് അവശേഷിക്കുന്നത്. എൽഡിഎഫിൻറെ പ്രചാരണാർത്ഥം മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ പിണറായി വിജയൻ ഇന്ന് തിരുവനന്തപുരം ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കുന്നുണ്ട്. സിപിഐ എം പോളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് നാളെ കോട്ടയത്ത് പ്രചാരണത്തിനെത്തും. NDA യ്ക്കുവേണ്ടി ഖുശ്ബു സുന്ദർ കോഴിക്കോട് ജില്ലയിൽ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. ബി.ജെ പി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ ആറ്റിങ്ങലിൽ പ്രചാരണ പരിപാടിയിൽ പങ്കെടുത്തു. തുടർന്ന് എൻ ഡി എ യുടെ പ്രകടന പത്രികയും അദ്ദേഹം പുറത്തിറക്കി. യുഡിഎഫ് തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി കണ്ണൂരിലെത്തി. കോഴിക്കോടും അദ്ദേഹം ഇന്ന് പ്രചാരണം നടത്തുന്നുണ്ട്. കോൺഗ്രസ് നേതാവ് ശശി തരൂർ ഇന്ന് കോട്ടയത്ത് പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. മൂന്ന് മുന്നണികളിൽ നിന്നുമുള്ള പ്രമുഖ നേതാക്കൾ വിവിധ മണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കുന്നുണ്ട്. കേരളത്തിനു പുറമേ പുതുച്ചേരിയിലും അസമിലും ഏപ്രിൽ ഒമ്പതിനാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിന് നടക്കും.

PNU TVPM

## രാജ് നാഥ് - തിരുവനന്തപുരം

കേന്ദ്ര മന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ രാജ്നാഥ് സിംങ്ങിന്റെ സന്ദർശനത്തോട് അനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ നാളെയും മറ്റെന്നാളും ഗതാഗത ക്രമീകരണം ഏർപ്പെടുത്തി. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിലും നിയന്ത്രണമുണ്ട്.

വിമാനത്താവളത്തിലേക്കും, റെയിൽവെ സ്റ്റേഷനിലേക്കും വരുന്ന

യാത്രക്കാർ മുൻകൂട്ടി യാത്രകൾ ക്രമീകരിക്കേണ്ടതാണെന്ന് തിരുവനന്തപുരം സിറ്റി ട്രാഫിക് പൊലീസ് അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## പത്രിക സമർപ്പണം

തമിഴ്നാട് നിയമസഭാ തിരഞ്ഞെടുപ്പിനും, പശ്ചിമ ബംഗാളിലെ ഒന്നാം ഘട്ട തെരഞ്ഞെടുപ്പിനുമുള്ള നാമനിർദ്ദേശ പത്രിക സമർപ്പണം പുരോഗമിക്കുന്നു. തമിഴ്നാട്ടിലെ 234 മണ്ഡലങ്ങളിലും ഏപ്രിൽ 23-ന് ഒറ്റഘട്ടമായിട്ടാണ് വോട്ടെടുപ്പ് നടക്കുന്നത്. പശ്ചിമ ബംഗാളിൽ 152 മണ്ഡലങ്ങളിലേക്കാണ് 23-ന് വോട്ടെടുപ്പ്.

❁❁❁❁❁❁❁❁❁❁❁❁❁

## തിരഞ്ഞെടുപ്പ് നിരീക്ഷണം (ഇൻട്രോ)

വോട്ടെടുപ്പു ദിനം അടുക്കുന്നതോടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിരീക്ഷണ പ്രവർത്തനങ്ങളും കൂടുതൽ വിപുലമാക്കി. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## കോഴിക്കോട് കോർപ്പറേഷൻ

കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ 396 ബൂത്തുകളെയും ഹരിത ബൂത്ത് ആക്കുന്നതിനായി കോർപ്പറേഷനിൽ ഹെൽത്ത് വിഭാഗം ജീവനക്കാരുടെ യോഗം ചേർന്നു. ഇതിനായി ഓരോ പോളിംഗ് ബൂത്തിലും ഹരിത കർമ്മ സേനാംഗത്തിനെ ചുമതലപ്പെടുത്തും. പോളിംഗ് അവസാനിച്ചാൽ മാലിന്യ സംഭരണ കേന്ദ്രത്തിൽ , മാലിന്യം എത്തിക്കുന്നതിന് ട്രാൻസ്പോർട്ടേഷൻ പ്ലാൻ കോർപ്പറേഷൻ തയ്യാറാക്കുന്നതാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## കാസർഗോഡ് - പ്രചാരണം (ഇൻട്രോ)

നിയമസഭാ തിരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കെ കാസർഗോഡ് ജില്ലയിൽ പ്രചാരണം ഉച്ചസ്ഥായിലെത്തി, മൂന്നു മുന്നണികളുടെയും പ്രധാന നേതാക്കൾ പ്രചാരണത്തിൽ

RNU TVPM

സജീവമാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രധിനിധി പി.ജഗന്നിവാസൻ.

**(വോയിസ്)**

☸☸☸☸☸☸☸☸☸☸☸☸☸

## പോസ്റ്റൽ വോട്ടിംഗ്

നിയമസഭാ പൊതുതിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് അവശ്യ സർവീസ് വിഭാഗത്തിൽപ്പെട്ട വോട്ടർമാർക്കായി പോസ്റ്റൽ വോട്ടിംഗ് കേന്ദ്രങ്ങളുടെ പട്ടികയും സമയക്രമവും പ്രസിദ്ധീകരിച്ചു. ഫയർഫോഴ്സ്, എക്സൈസ്, കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി, വാട്ടർ അതോറിറ്റി, റെയിൽവേ, ബി.എസ്.എൻ.എൽ, മാധ്യമങ്ങൾ തുടങ്ങി തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം ചെയ്ത വിവിധ വിഭാഗങ്ങളിലെ ജീവനക്കാർക്കാണ് ഈ സൗകര്യം ലഭിക്കുക. ഇന്നു മുതൽ ഏപ്രിൽ ആറ് വരെ വോട്ടിങ്ങ് കേന്ദ്രത്തിൽ നേരിട്ടെത്തി വോട്ട് രേഖപ്പെടുത്താം.

☸☸☸☸☸☸☸☸☸☸☸☸☸

## സൗജന്യ യാത്രാ പദ്ധതി (ഇൻട്രോ)

നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ വോട്ടർമാർക്ക് യൂബറിൽ സൗജന്യ യാത്രയുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ. തിരുവനന്തപുരത്തും, എറണാകുളത്തും യൂബറുമായി സഹകരിച്ചാണ് തിരഞ്ഞെടുപ്പ് ദിനത്തിൽ വോട്ടർമാർക്കായുള്ള തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രത്യേക പദ്ധതി.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ല പ്രതിനിധി രെജു കോലിയക്കോട്....

☸☸☸☸☸☸☸☸☸☸☸☸☸

## സെൻസസ് 2027

2027 ലെ ജനസംഖ്യ കണക്കെടുപ്പ് രാജ്യത്ത് നാളെ മുതൽ ആരംഭിക്കും. രണ്ട് ഘട്ടങ്ങളിലായാണ് സെൻസസ് നടപ്പാക്കുക. - രാജ്യത്തെ 16-ാമത് സെൻസസും, സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ എട്ടാമത്തെ സെൻസസും ആണിത്. ഡിജിറ്റൽ

RNUTVPM

രീതിയിലായിരിക്കും സെൻസസ് നടപ്പാക്കുക. ജാതി സെൻസസ് രണ്ടാം ഘട്ടത്തിലായിരിക്കും നടക്കുക.

☸☸☸☸☸☸☸☸☸☸☸☸☸

## പശ്ചിമേഷ്യൻ സംഘർഷം

പശ്ചിമേഷ്യൻ സംഘർഷ മേഖലയിലുള്ള ഇന്ത്യൻ കപ്പലുകളും ജീവനക്കാരും സുരക്ഷിതരാണെന്ന് തുറമുഖ-കപ്പൽ മന്ത്രാലയം അറിയിച്ചു. ഇതുവരെ 959 നാവികരെ സുരക്ഷിതമായി നാട്ടിലെത്തിച്ചു. ഫെബ്രുവരി 28-ന് ശേഷം 5.72 ലക്ഷം ഇന്ത്യക്കാർ വിദേശങ്ങളിൽ നിന്ന് മടങ്ങിയെത്തിയതായും വിദേശകാര്യ മന്ത്രാലയം അറിയിച്ചു. പ്രവാസി സഹായത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈനുകൾ സജ്ജമാണെന്നും കേന്ദ്രം കൂട്ടിച്ചേർത്തു. രാജ്യവ്യാപകമായി പൈപ്പിലൂടെയുള്ള പാചകവാതക കണക്ഷനുകൾ വേഗത്തിലാക്കുന്നതിനായുള്ള 'നാഷണൽ പി.എൻ.ജി ഡ്രൈവ് 2.0' ജൂൺ 30 വരെ നീട്ടിയതായി പെട്രോളിയം മന്ത്രാലയം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## കാലാവസ്ഥ

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തുന്ന പശ്ചാത്തലത്തിൽ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസും പഞ്ചാബ് കിംഗ്സും തമ്മിൽ ഏറ്റുമുട്ടും. രാത്രി 7.30 ന് പഞ്ചാബിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസ് ചെന്നൈ സൂപ്പർ കിംഗ്സിനെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തി.

☸☸☸☸☸☸☸☸☸☸☸☸☸

RNU TVPM

## ബീഹാർ - മരണം

ബീഹാറിലെ നാളന്ദ ജില്ലയിൽ മാഗ്ര സീതാ അഷ്ടലക്ഷ്മി ക്ഷേത്രത്തിൽ ഉണ്ടായ തിക്കിലും തിരക്കിലും പെട്ട് എട്ട് സ്ത്രീകൾ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. മരണസംഖ്യ ഉയരാൻ സാധ്യതയുണ്ട്. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ അനുശോചനം അറിയിച്ചു. മരിച്ചവരുടെ കുടുംബത്തിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും ധനസഹായം പ്രഖ്യാപിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## ഹോം വോട്ടിംഗ്

മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ, കിടപ്പുരോഗികൾ എന്നിവർക്ക് നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് സഹായിക്കുന്ന 'ഹോം വോട്ടിംഗി'ന് സംസ്ഥാനത്ത് തുടക്കമായി. ഇന്നലെ 10,922 പേര് ഹോം വോട്ടിംഗ് ചെയ്തതായി തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. കേരളത്തിന് പുറമെ അസം, പുതുച്ചേരി എന്നിവിടങ്ങളിലും തിരഞ്ഞെടുപ്പ് കമ്മീഷൻ ഹോം വോട്ടിംഗിന് അനുമതി നൽകിയിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸

RIU TVPM